LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറുടെ ചുമതല ഇപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ് നൽകിയിട്ടുള്ളത്.

(ബി) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ ജില്ലാ പ്രോജക്ട് ഓഫീസർമാരുടെ ചുമതല ഇപ്പോൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കാണ് നൽകിയിട്ടുള്ളത്. ജില്ലകളിൽ ആർ.എം.എസ്.എ. പദ്ധതിക്കായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

ചൈൽഡ് സെൻസസ്

5 (5136) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് എത്ര തവണ "ചൈൽഡ് സെൻസസ്" എടുത്തിട്ടുണ്ട് ;

(ബി) ആദ്യമെടുത്ത സെൻസസ് ഉപയോഗിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ആദ്യ തവമ ചൈൽഡ് സെൻസസ് എടുക്കുന്നതിന് എത്ര രൂപ ചെലവായി ;

(ഡി) ചൈൽഡ് സെൻസസിന്റെ ലക്ഷ്യം എന്താണെന്നും ഇപ്പോൾ നടക്കുന്ന സെൻസസ് എന്നാരംഭിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) ഇപ്പോഴത്തെ സെൻസസിന്റെ നിലവിലെ സ്ഥിതി എന്ത് ; ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു തവണ

(ബി) 2007 മേയിൽ നടന്ന ചൈൽഡ് സെൻസസിലൂടെ ലഭിച്ച വിവരങ്ങൾ എസ്.എസ്.എ.-യുടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഉപയോഗിച്ചുവരുന്നു.

(സി) 6,12,19,390 രൂപ (ആറുകോടി പന്ത്രണ്ട് ലക്ഷത്തി പത്തൊമ്പതിനായിരത്തി മൂന്നൂറ്റി തൊണ്ണൂറ് രൂപ)

(ഡി) 2007 മേയിൽ നടന്ന ചൈൽഡ് സെൻസസ്സിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്ന വിവരങ്ങൾ ശേഖരിക്കുക എന്നതായിരുന്നു.

ഈ ദത്തത്തിലൂടെ (ഡാറ്റ) ശരിയായ ജനനത്തീയതി ഉറപ്പാക്കുന്നതു കൊണ്ട് ജനനത്തീയതി തിരുത്തലിന് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്.

സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന പ്രക്രിയ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്.

പലതരം സ്ക്കോളർഷിപ്പുകൾ ഇന്ന് നിലവിലുണ്ട്. അവയ്ക്കെല്ലാം അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന്.

പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് സ്ഥാപനാടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി ആസൂത്രണത്തിന് ഈ ദത്തങ്ങൾ ഉപയോഗിക്കുന്നതിന്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ മുതലായവയ്ക്കുള്ള അടിസ്ഥാനരേഖകളായും ഈ വിവരങ്ങളെ പ്രയോജനപ്പെടുത്തുന്നതിന്.

- എസ്.എസ്.എ.-യുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ ചൈൽഡ് സെൻസസ് നടക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം

6 (5137) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള എൽ.പി.,യു.പി. ക്ളാസ്സുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വിഭാഗവും വെവ്വേറെ ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സ്കൂളുകളുടെ അക്കാദമിക് നിലവാരം ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

7 (5138) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ സ്കൂളുകളുടെ അക്കാദമിക് നിലവാരം ഉയർത്താനുള്ള ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly